"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ.വിജയൻ നായർ കെ. ഫയൽ ചെയ്ത 3418/2026 നമ്പർ റിട്ട് പെറ്റിഷനിൽ 29/01/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2860/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-
1. 3418/2026 നമ്പർ റിട്ട് പെറ്റിഷനിൽ 29/01/2026 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.03.2026 തീയതിയിലെ ഇഎം1/4889/2026/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കുഴൽമന്ദം സി.എ. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ശ്രീ.വിജയൻ നായർ കെ. ഫയൽ ചെയ്ത 3418/2026 നമ്പർ റിട്ട് പെറ്റിഷനിൽ 29/01/2026-ലെ വിധിന്യായ പ്രകാരം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിൽ ഹർജിക്കാരനെ കേട്ട് വിധി പകർപ്പ് കിട്ടി നാല് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 31.03.2026ൽ നേരിൽ കേട്ടു.

3. ഹർജിക്കാരൻ മാനേജരായിട്ടുള്ള സ്കൂളിൽ എഫ്.ടി.എം. ആയി നിയമിതനായ ശ്രീ.കൃഷ്ണനുണ്ണി കെ.ആർ. 40% മുതൽ 50% വരെ ശാരീരിക വൈകല്യമുള്ള വ്യക്തിയായതിനാൽ, അദ്ദേഹത്തിന്റെ നിയമനം ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചിട്ടുള്ള ക്വാട്ടയിൽ ഉൾപ്പെടുത്തിയാണ് എന്നും ശാരീരിക വൈകല്യമുള്ളവരെ നിയമിച്ചിട്ടില്ല എന്ന ഒരു സാങ്കേതിക കാരണം മാത്രം ചൂണ്ടിക്കാട്ടി ഈ നിയമനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ മാത്രം അംഗീകാരം നൽകിയത് തികഞ്ഞ അനീതിയാണ് എന്നും അദ്ദേഹം കൃത്യമായ ശമ്പള സ്കെയിലിലുള്ള അംഗീകാരത്തിന്

അർഹനാണ് എന്നും വാദിച്ചു. WP(C) No. 19808/2023 എന്ന റിട്ട് ഹർജിയിലും ബന്ധപ്പെട്ട അപ്പീലുകളിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായാണ് ഭിന്നശേഷിക്കാരനായ ഈ വ്യക്തിയെ നിയമിച്ചിട്ടുള്ളത്. അതിനാൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ വ്യവസ്ഥകളും ഇവിടെ പാലിക്കപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയെ നിയമിക്കുന്നതിനും അദ്ദേഹത്തിന്റെ നിയമനം മാറ്റിവെക്കപ്പെട്ട ക്വാട്ടയിൽ പരിഗണിക്കുന്നതിനും നിയമപരമായ യാതൊരു തടസ്സവുമില്ല. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണിച്ച്, 14-10-2025-ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദാക്കണമെന്നും, ശാരീരിക വൈകല്യമുള്ള വ്യക്തി എന്ന നിലയിൽ ഈ നിയമനത്തിന് കൃത്യമായ ശമ്പള സ്കെയിലിൽ അംഗീകാരം നൽകി ഉത്തരവാകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4. ശ്രീ. കൃഷ്ണനുണ്ണിയുടെ വാദങ്ങൾ ഇപ്രകാരമാണ്.

ശ്രീ. വിജയൻ ഇ.കെ.-യുടെ വിരമിക്കലും അതിനെത്തുടർന്ന് ഫുൾ ടൈം മീനിയൽ തസ്തികയിൽ നിന്നും ശ്രീ. ബൈജുവിന് ലഭിച്ച സ്ഥാനക്കയറ്റവും വഴിയുണ്ടായ സ്ഥിരമായ ഒഴിവിലാണ് തന്നെ നിയമിച്ചത്. തനിക്ക് മെഡിക്കൽ ബോർഡിന്റെയും സർക്കാരിന്റെയും സർട്ടിഫിക്കറ്റുകൾ പ്രകാരം യഥാക്രമം 50 ശതമാനവും 40 ശതമാനവും ശാരീരിക വൈകല്യമുള്ളതിനാൽ, തന്റെ നിയമനം ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചിട്ടുള്ള ക്വാട്ടയിൽ ഉൾപ്പെടുത്തിയാണ് നിയമിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാരെ നിയമിക്കുന്നില്ല എന്ന ഒരു സാങ്കേതിക കാരണം മാത്രം ചൂണ്ടിക്കാട്ടി തന്റെ നിയമനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ മാത്രം അംഗീകാരം നൽകിയത് തെറ്റാണ്. താൻ കൃത്യമായ ശമ്പള സ്കെയിലിലുള്ള അംഗീകാരത്തിന് അർഹനാണ്. ഈ ഉത്തരവ് നീതിയുക്തമല്ല.WP(C) No. 19808/2023 എന്ന റിട്ട് ഹർജിയിലും ബന്ധപ്പെട്ട അപ്പീലുകളിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് തന്നെ ഈ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. അതിനാൽ തന്റെ നിയമനം ഭിന്നശേഷിക്കാർക്കുള്ള നിയമനമായിത്തന്നെ കണക്കാക്കേണ്ടതാണ്. ശാരീരിക വൈകല്യമുള്ള തന്നെ പോസ്റ്റിൽ നിയമിക്കുന്നതിനും, തന്റെ നിയമനം മാറ്റിവെക്കപ്പെട്ട ക്വാട്ടയിൽ പരിഗണിക്കുന്നതിനും നിയമപരമായ യാതൊരു തടസ്സവുമില്ല. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണിച്ച്, തന്നെ പ്രതികൂലമായി ബാധിക്കുന്ന 14-10-2025-ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദാക്കണമെന്നും, ശാരീരിക വൈകല്യമുള്ള വ്യക്തി എന്ന നിലയിൽ തന്റെ നിയമനത്തിന് കൃത്യമായ ശമ്പള സ്കെയിലിൽ അംഗീകാരം നൽകി ഉത്തരവാകണമെന്നും അപേക്ഷിച്ചു.

5. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്

പാലക്കാട്, കുഴൽമന്ദം സി.എ.എച്ച്.എസ്.ലെ എഫ്.ടി.എം ശ്രീ.ബൈജു ടോം നെ 01/06/2024 മുതൽ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ഭിന്നശേഷി ജീവനക്കാരനായ ശ്രീ. കൃഷ്ണനുണ്ണി കെ.ആർ.നെ 01/06/2024 മുതൽ എഫ്.ടി.എം തസ്തികയിൽ മാനേജർ നിയമിച്ചു. ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അപ്പലറ്റ് ഉത്തരവ് പ്രകാരം ശ്രീ. കൃഷ്ണനുണ്ണി കെ.ആർ.ന്റെ എഫ്.ടി.എം. തസ്തികയിലെ 01/06/2024 മുതലുള്ള നിയമനം ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി, ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി. ശ്രീ. കൃഷ്ണനുണ്ണി കെ.ആർ.ന്റെ എഫ്.ടി.എം. തസ്തികയിലെ 01/06/2024 തീയതി മുതലുള്ള നിയമനം ഭിന്നശേഷി നിയമനമായി കണക്കാക്കി റെഗുലറായി അംഗീകരിച്ചു നൽകണമെന്നാണ് ഹർജിയിലെ ആവശ്യം. 23.11.2022 തീയതിയിലോ അതിനു മുമ്പോ ഏതെങ്കിലും എയ്ഡഡ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഭിന്നശേഷിയുള്ളവരുടെ നിയമനം മാനേജർ നേരിട്ട് നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാമെന്നും ടി തീയതിക്ക് (23.11.2022) ശേഷമുള്ള നിയമനങ്ങൾ സർക്കാരിന്റെ 25/06/2022 ലെ സ.ഉ.(കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതാണെങ്കിൽ മാത്രം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചാൽ മതിയാകുമെന്നും, പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പിന്റെ 11.04.2024ലെ ജെ.ആർ.1/17/2024/പൊ.വി.വ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ കത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-ൽ നിന്നും യോഗ്യതയുള്ളവരില്ലായെന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം മാത്രം പത്രപരസ്യം നൽകി നേരിട്ട് നിയമനം നൽകുന്നവരെ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാവുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ ഒന്നും പാലിക്കാതെയാണ് മാനേജർ ശ്രീ. കൃഷ്ണനുണ്ണി കെ.ആർ. നെ നേരിട്ട് നിയമിച്ചിരിക്കുന്നത്. ആയതിനാൽ ശ്രീ.കൃഷ്ണനുണ്ണി കെ.ആർ.ന്റെ നിയമനം ഭിന്നശേഷി നിയമനമായി കണക്കാക്കി റെഗുലറായി അംഗീകരിച്ചു നൽകണമെന്ന മാനേജരുടെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട

രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട്, കുഴൽമന്ദം സി.എ.എച്ച്.എസ്.ലെ എഫ്.ടി.എം ശ്രീ.ബൈജു ടോം നെ 01/06/2024 മുതൽ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ഭിന്നശേഷി ജീവനക്കാരനായ ശ്രീ. കൃഷ്ണനുണ്ണി കെ.ആർ.നെ 01/06/2024 മുതൽ എഫ്.ടി.എം തസ്തികയിൽ മാനേജർ നിയമിച്ചു. 23.11.2022 തീയതിക്ക് ശേഷമുള്ള നിയമനങ്ങൾ സർക്കാരിന്റെ 25/06/2022 ലെ സ.ഉ.(കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതാണെങ്കിൽ മാത്രം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചാൽ മതിയാകുമെന്നും, 11.04.2024ലെ ജെ.ആർ.1/17/2024/പൊ.വി.വ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ കത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-ൽ നിന്നും യോഗ്യതയുള്ളവരില്ലായെന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം മാത്രം പത്രപരസ്യം നൽകി നേരിട്ട് നിയമനം നൽകുന്നവരെ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാവുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ ഒന്നും പാലിക്കാതെയാണ് മാനേജർ ശ്രീ. കൃഷ്ണനുണ്ണി കെ.ആർ.നെ നേരിട്ട് നിയമിച്ചിരിക്കുന്നത്. ആയതിനാൽ ശ്രീ.കൃഷ്ണനുണ്ണി കെ.ആർ.ന്റെ നിയമനം ഭിന്നശേഷി നിയമനമായി കണക്കാക്കി റെഗുലറായി അംഗീകരിച്ചു നൽകണമെന്ന മാനേജരുടെ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല.

7. മേൽ സാഹചര്യത്തിൽ ശ്രീ.കൃഷ്ണനുണ്ണി കെ.ആർ.ന്റെ നിയമനം ഭിന്നശേഷി നിയമനമായി കണക്കാക്കി റെഗുലറായി അംഗീകരിച്ചു നൽകണമെന്ന മാനേജരുടെ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ.വിജയൻ നായർ കെ. ഫയൽ ചെയ്ത 3418/2026 നമ്പർ റിട്ട് പെറ്റിഷനിൽ 29/01/2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)

ശ്രീ.വിജയൻ നായർ കെ., മാനേജർ, സി.എ. ഹയർ സെക്കൻഡറി സ്കൂൾ, കുഴൽമന്ദം, പാലക്കാട് - 678 702

ശ്രീ.കൃഷ്ണനുണ്ണി കെ.ആർ., എഫ്.ടി.എം., സി.എ. ഹയർ സെക്കൻഡറി സ്കൂൾ, കുഴൽമന്ദം, പാലക്കാട് - 678 702

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ , പാലക്കാട്

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 27-04-2026 14:00:23

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.